30. സ്ത്രീനാടകവേദിയുടെ സവിശേഷതകൾ ഉൾക്കൊണ്ട് രചിച്ച നാടകമാണ് 'ലേബർ റൂം' – വിലയിരുത്തുക.

31. "നിനക്കെന്നെ വേണ്ടായിരുന്നു അല്ലേ?" ആരാണിങ്ങനെ ചോദിച്ചത്? സന്ദർഭമെഴുതുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദത്തിന് ഉത്തരമെഴുതുക.

32. കുഞ്ചൻ നമ്പ്യാരുടെ വർണ്ണനാചാതുര്യം കല്ല്യാണ സൗഗന്ധികത്തെ മുൻനിർത്തി വിശദീകരിക്കുക.

33. വലുപ്പച്ചെറുപ്പമില്ലാതെ, നളചരിതത്തിലെ കഥാപാത്രങ്ങൾക്ക് മിഴിവേകാൻ ഉണ്ണായിവാര്യർക്ക് സാധിച്ചിട്ടുണ്ട്. വിലയിരുത്തുക.

34. 'ഭഗ്ന ഭവനം' എന്ന നാടകത്തിന് ഒരു ആസ്വാദനം തയ്യാറാക്കുക?

35. 'കച്ചകെട്ടിനവൻ പിച്ചയെടുക്കും' എന്നതിനെ അർത്ഥവത്താക്കും വിധത്തിലുള്ള കഥാപാത്രമാണ് ഫയൽവാൻ – 'ഒരിടത്തൊരുഫയൽവാൻ' എന്ന തിരക്കഥയെ മുൻനിറുത്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College

(Pages : 4) **R – 3256**

Reg. No. : .............................

Name : .................................

**Second Semester B.A./B.Sc./B.Com Degree Examination, September 2023**

**Career Related First Degree Programme under CBCSS**

**Language Course IV – Additional Language – Malayalam**

**ML 1211.3 : ദൃശ്യകലാസാഹിത്യം**

**(2018-2020 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. ആട്ടക്കഥയിലെ അത്ഭുത പ്രഭാവൻ ആര്?

2. തുള്ളൽ സാഹിത്യത്തിലെ ആദ്യകൃതി?

3. കേരളത്തിലെ ഇബ്സൻ എന്നറിയപ്പെടുന്നതാര്?

4. 'ലേബർ റൂം' എന്ന നാടകം രചിച്ചതാര്?

5. പത്മരാജന്റെ രണ്ടുതിരക്കഥകളുടെ പേരെഴുതുക?

6. 'ഭഗ്നഭവനം' പ്രസിദ്ധീകൃതമായ വർഷം?

7. പ്രധാനപ്പെട്ട കഥകളി വേഷങ്ങൾ ഏവ?

8. സിനിമയുടെ സാഹിത്യരൂപമേത്?

9. കല്ല്യാണസൗഗന്ധികം ഏതു വിഭാഗത്തിൽപ്പെടുന്ന തുള്ളലാണ്?

10. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയിൽ ശിവൻപിള്ള എന്ന കഥാപാത്രത്തെ അവതരിപ്പിച്ച അഭിനേതാവാര്?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. "രണ്ടുഭാവം നിനക്കുണ്ടാക വേണ്ടെടൊ!
രണ്ടുനാലെങ്കിലും കൊണ്ടുവന്നീടണം" – ആര്? ആരോടു പറഞ്ഞു? സന്ദർഭമെഴുതി വിശദീകരിക്കുക.

12. "വിധിമികവേറും നിന്നെ മമ
സഖിയായിട്ടല്ല നല്ല നിധിയായിട്ടല്ലോ തന്നു." – ആര്? ആരെക്കുറിച്ചാണിങ്ങനെ പറയുന്നത്?

13. ഉണ്ണായി വാര്യരുടെ പേര്, സ്ഥലം, കാലം എന്നിവയെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ക്രോഡീകരിക്കുക?

14. " ഇനിയെങ്കിലും നീ മനസ്സിലാക്കൂ ആ കണ്ണീരിലാണ് എന്റെ ഭാവിയെ ഞാൻ ഉറപ്പിക്കുന്നതെന്ന്" – സന്ദർഭം വിശദമാക്കുക.

15. "അവൾ മരിച്ചോട്ടെ, എന്റെ കുഞ്ഞ് മരിച്ചോട്ടെ, അവളെ വേദനിപ്പിക്കണ്ട" – ആരുടേതാണീ വാക്കുകൾ? സന്ദർഭമെഴുതുക?

16. തിരക്കഥ എന്നാലെന്ത്? വിശദീകരിക്കുക.

17. "പക്ഷേ മേസ്ത്രീ! ഫയൽവാന് ബ്രഹ്മചര്യം പ്രധാനമാ!" ആര്? ആരോട് എപ്പോൾ പറഞ്ഞു?

18. 'നിഗ്രഹാനുഗ്രഹാധികൃത പ്രൗഢരാം
വിപ്രലോകാഗ്രേസരന്മാരെ വന്ദിച്ചു
വിഗ്രഹ ശക്തനാം വീരൻ വൃകോദരൻ
വ്യഗ്രതാഹീനം നടന്നു തുടങ്ങിനാൻ' – സന്ദർഭം വിശദമാക്കുക.

19. " എന്റെ ചിറകുമണി കനകം ഇതുകൊണ്ടാക നീ
ധനികൻ, അയ്യോ! ഗുണവുമനവധി ദോഷമായിതു" – ഈ വിലാപത്തിന് അടിസ്ഥാനമെന്ത്?



20. "പൊരുത്തം നോക്കിത്തന്നെയാണ് വിവാഹം നിശ്ചയിച്ചത് കുഴപ്പമൊന്നുമില്ല." – സന്ദർഭം വിശദമാക്കുക.

21. കഥാപാത്രനിരൂപണമെഴുതുക – ശിവൻപിള്ള

22. 'ആദ്യം മുതലേ നോക്കീതാ ഈ ശല്യം ഒന്നൊഴിവായിക്കിട്ടാൻ, ഇതിന്റെ ഉള്ളിൽ വന്നുപെടാതിരിക്കാനും. എത്ര്യായിട്ടും മേത്ത്ന്ന് പോണ്ടേ?' – ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'മടക്കം മാരുതിക്കില്ല
മടമാർ മാലികേ ബാലേ!' – ആര്? ആരോടാണിങ്ങനെ പറഞ്ഞത്? സന്ദർഭം വിശദമാക്കുക.

24. " കണ്ടാലെത്രയും കൗതുകമുണ്ടിതിനെപ്പണ്ടു
കണ്ടില്ല ഞാനേവം വിധം കേട്ടുമില്ലാ" – സന്ദർഭം വിശദീകരിക്കുക.

25. സുമതിയെ ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

26. "അടിവയറ്റിലൂടെ മിന്നൽപ്പിണർ പോലെ പാഞ്ഞുപോകുന്ന വേദന. കൊടും മഞ്ഞിന്റെ തണുപ്പുള്ള വാൾത്തലപ്പിന്റെ മൂർച്ചയുള്ള വേദന.... ഇതെന്നെ ആസകലം കീഴടക്കുമ്പോഴും ഈ വേദനയെപ്പോലും സ്നേഹിക്കാൻ എനിക്കുതോന്നുന്നു....സ്വാതന്ത്ര്യമാകുന്ന വേദന" സന്ദർഭവും സാരസ്യവും വ്യക്തമാക്കുക?

27. 'ഞാൻ സുമതിച്ചേച്ചിയുടെ പ്രേതമാണ്, മനസ്സിലായോ? ആരാണിങ്ങനെ ചോദിക്കുന്നത്? സന്ദർഭം വിശദീകരിക്കുക.

28. ജനാർദ്ദനൻ നായർ എന്ന കഥാപാത്രത്തിന്റെ സ്വഭാവനിരൂപണമെഴുതുക.

29. 'പെട്ടെന്നൊരു മരം പൊട്ടിപ്പിളർന്നാശു
മറ്റൊരു വൃക്ഷേ പതിക്കുന്ന നേരത്തു
മറ്റതും ഖണ്ഡിച്ചു മറ്റതിന്മേൽ വീണു
മറ്റതും മറ്റതും മറ്റതും ഭസ്മമായ്' – സന്ദർഭമെഴുതി വിശദീകരിക്കുക.



St. Xavier's College